# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **2258**                                        **16.08.2017**-ൽ മറുപടിക്ക്

## പ്രിന്റിംഗ് സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷനും സ്റ്റാഫ് പാറ്റേണും പുതുക്കി നിശ്ചയിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കെ.വി. വിജയദാസ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ പ്രിന്റിംഗ് സഹകരണ സംഘങ്ങളുടെ ക്ലാസ്സിഫിക്കേഷനും സ്റ്റാഫ് പാറ്റേണും പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ; | (എ) | കേരളത്തിലെ പ്രിന്റിംഗ് സഹകരണ സംഘങ്ങളുടെ ക്ലാസ്സിഫിക്കേഷനും സ്റ്റാഫ് പാറ്റേണും പുതുക്കി നിശ്ചയിക്കുന്നതിലേക്കായി ഇക്കാര്യം പഠിച്ച് ശുപാർശ ചെയ്യുന്നതിന് നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. |
| (ബി) ഈ സംഘങ്ങളുടെ ക്ലാസ്സിഫി ക്കേഷനും സ്റ്റാഫ് പാറ്റേണും നിശ്ചയിക്കാത്തതു കാരണം ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ ഒന്നും തന്നെ ക്രമീകരിക്കുവാൻ കഴിയുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) 21.06.2013-ലെ സ.ഉ.(സാധാ)നം. 401/13 പ്രകാരം സഹകരണ വകുപ്പ് ജോയിന്റ് സെക്രട്ടറി അദ്ധ്യക്ഷനായി നിയമിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ നൽകുമോ? ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ; | (സി) & (ഡി) | പ്രിന്റിംഗ് സംഘങ്ങളുടെ പ്രവർത്തനം പഠിച്ച് സർക്കാരിൽ ശുപാർശ സമർപ്പി ക്കുന്നതിന് സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർമാനായി എട്ടംഗ പഠനസമിതി രൂപീകരിച്ച് 23.11.2012-ലെ സ.ഉ.(സാധാ) നമ്പർ 660/2012/സഹ പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ ചുമതല സഹകരണ വകുപ്പ് ജോയിന്റ് സെക്രട്ടറി |

| | |
|---|---|
| (ഡി) ഈ സംഘങ്ങളുടെ ക്ലാസ്സിഫിക്കേഷനും സ്റ്റാഫ് പാറ്റേണും പുതുക്കി നിശ്ചയിക്കുന്ന നടപടി അടുത്ത ആറുമാസ ത്തിനുള്ളിൽ പൂർത്തിയാക്കി ഇക്കാര്യത്തിൽ ആവശ്യമായ ഉത്തരവ് പുറപ്പെടു വിക്കുമോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ; വിശദ വിവരം നൽകുമോ? | വഹിച്ച സാഹചര്യത്തിൽ സഹകരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയെ ചെയർമാനാക്കി 21.06.2013-ലെ സ.ഉ. (സാധാ)നം. 401/13/സഹ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ 17.01.2014-ലെ സ.ഉ.(സാധാ) നമ്പർ 57/2014/സഹ ഉത്തരവു പ്രകാരം സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർമാനായി എട്ടംഗ പഠനസമിതി രൂപീകരിച്ച് പുറപ്പെടുവിച്ച 23.11.2012-ലെ സ.ഉ.(സാധാ) നമ്പർ 660/2012/സഹ നമ്പർ ഉത്തരവ് വീണ്ടും നിലനിർത്തുകയും ചെയ്തു.<br>പ്രസ്തുത എട്ടംഗ സമിതി ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ച് അഭിപ്രായം അറിയിക്കുവാൻ സഹകരണസംഘം രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>പഠന കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## റിപ്പോർട്ട്

കോട്ടയം പ്രിന്റിംഗ് സഹകരണ സംഘം കെ.846 ലെ പ്രസിഡന്റ്, പ്രിന്റിംഗ് സംഘങ്ങളുടെ അവസ്ഥ സംബന്ധിച്ച് 9.1.12 ൽ ബഹു. സർക്കാരിന് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പ്രിന്റിംഗ് സംഘങ്ങളുടെ പ്രവർത്തനം പഠിച്ച് സർക്കാരിൽ ശുപാർശ സമർപ്പിക്കുന്നതിന് സർക്കാരിന്റെ 23.11.2012 ലെ സ.ഉ(സാധാ) നമ്പർ 660/2012 സഹ. ഉത്തരവു പ്രകാരം താഴെ പേര് പറയുന്നവരെ ഉൾപ്പെടുത്തി കമ്മറ്റി രൂപീകരിച്ചിരുന്നു.

1. അഡീഷണൽ സെക്രട്ടറി(സഹകരണ വകുപ്പ്) - ചെയർമാൻ
2. അഡീഷണൽ രജിസ്ട്രാർ(കൺസ്യൂമർ) - കൺവീനർ
3. ശ്രീ. അബ്ദുള്ള കോയ, പ്രസിഡന്റ് കോഴിക്കോട് സഹകരണ പ്രസ്സ് - അംഗം
4. അഡ്വ.പി.സതീഷ് ചന്ദ്രൻ നായർ പ്രസിഡന്റ് പൊൻകുന്നം പ്രന്റിംഗ് പ്രസ്സ് - അംഗം
5. സെക്രട്ടറി, സാഹിത്യ പ്രവർത്തക സഹകരണ സംഘം - അംഗം
6. ജനറൽ സെക്രട്ടറി, കേരളാ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ - അംഗം
7. ജനറൽ സെക്രട്ടറി, കേരളാ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ ഫ്രണ്ട് - അംഗം
8. ശ്രീ. അലക്സാണ്ടർ സാമുവൽ, കൺവീനർ, കോട്ടയം പ്രിന്റിംഗ് &കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ലിമിറ്റഡ് - അംഗം

സഹകരണ വകുപ്പിന്റെ 21.6.13 ലെ സ.ഉ.(സാധാ) നമ്പർ 401/13 സഹകരണ ഉത്തരവ് പ്രകാരം ടി കമ്മറ്റിയിൽ നിന്നും അഡീഷണൽ സെക്രട്ടറി (സഹകരണ വകുപ്പ്) ചെയർമാൻ എന്നതിന് പകരം ജോയിന്റ് സെക്രട്ടറി സഹകരണ വകുപ്പ് എന്നാക്കി ഭേദഗതി വരുത്തി ഉത്തരവായിരുന്നു.

തുടർന്ന് സഹകരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 25.7.2013, 2.9.13 എന്നീ ദിവസങ്ങളിൽ യോഗം ചേരുകയുണ്ടായി. യോഗത്തിൽ പ്രിന്റിംഗ് സഹകരണ സംഘങ്ങളുടെ ഇപ്പോഴത്തെ പ്രവർത്തനത്തിലെ ശോച്യാവസ്ഥ സംബന്ധിച്ചും, പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും ചർച്ച ചെയ്യുകയുണ്ടായി പ്രന്റിംഗ് സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന

തിന് ഉന്നയിച്ച പ്രധാന നിർദ്ദേശങ്ങളും, സ്വീകരിക്കേണ്ട നടപടികളും താഴെ വിവരിക്കുന്നു.

I. സാധാരണ സഹകരണ സംഘങ്ങളെക്കാൾ വളരെയധികം മുടക്കു മുതലോടെ പ്രവർത്തനം ആരംഭിക്കുന്ന പ്രിന്റിംഗ് സഹകരണ സംഘങ്ങൾക്ക് പ്രാദേശികമായ അച്ചടി ജോലികൾ മാത്രം പ്രതീക്ഷിച്ച് മുൻപോട്ടുകൊണ്ടുപോകാൻ പ്രയാസമാണ്. സംസ്ഥാനത്തെ ഓരോ സ്ഥാപനങ്ങളും അവരുടെ അച്ചടി ജോലികൾ അന്യസംസ്ഥാനങ്ങളെ ഏൽപ്പിക്കുകയും, സർക്കാർ സ്ഥാപനങ്ങളുടെ പ്രധാനപ്പെട്ട അച്ചടി ജോലികൾ തിരുവനന്തപുരത്തെ C.apt, എറണാകുളത്തെ കേരളാ ബുക്സ് & പബ്ലിക്കേഷൻ എന്നീ സ്ഥാപനങ്ങൾ ഏറ്റെടുത്തു ചെയ്യുന്നു. KBPS, C.apt പാഠപുസ്തകം ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട അച്ചടി ജോലികൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടെണ്ടറോ മറ്റ് മാനദണ്ഡങ്ങൾ ഒന്നും ഇല്ലാതെ ഏറ്റുവാങ്ങുകയും തുടർന്ന് ഈ രണ്ട് സ്ഥാപനങ്ങളും ഈ അച്ചടി ജോലികൾ സ്വകാര്യപ്രസ്സുകൾക്ക് കൊടുത്ത് അച്ചടി പൂർത്തിയാക്കിക്കുന്നു. സർക്കാരിൽ നിന്നും അച്ചടി പേപ്പർ 8% വേസ്റ്റേജ് ആയി അധികം വാങ്ങിയതിന് ശേഷം സ്വകാര്യ പ്രസ്സുകൾക്ക് 1% വേസ്റ്റേജ് ആയി നൽകുന്നു. അതുപോലെ അച്ചടിക്കൂലി ഈനത്തിൽ ഭീമമായ തുക സർക്കാരിൽ നിന്നും കൈപ്പറ്റിയതിനു ശേഷം കുറഞ്ഞ നിരക്കിൽ സ്വകാര്യപ്രസ്സുകളെകൊണ്ട് അച്ചടിപ്പിക്കുന്നു. KBPS, C.apt എന്നിവ അവർക്ക് പരമാവധി അച്ചടിക്കാവുന്ന ശേഷിയേക്കാൾ കൂടുതൽ അച്ചടി ജോലികൾ ഏറ്റെടുത്ത് സ്വകാര്യ സ്ഥാപനങ്ങളെകൊണ്ട് അച്ചടിപ്പിക്കുന്നു. ഇത് ഒഴിവാക്കുന്നതിനായി സഹകരണ പ്രസ്സുകൾക്ക് കൂടി അച്ചടി ജോലികൾ കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കണം. അതിനായി പ്രധാനമായും സർക്കാർ ചെയ്യേണ്ടത്

1. ടെണ്ടർ നൽകുമ്പോൾ നിലവിലുള്ള സർക്കാർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരം ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് നൽകിയ ഇളവുകൾ പ്രിന്റിംഗ് സഹകരണ സംഘങ്ങൾക്ക് നൽകി, ടെണ്ടർ നിരക്കിൽ നിന്നും 10% വർദ്ധനവ് നൽകി പ്രിന്റിംഗ് സംഘങ്ങൾക്ക് നൽകുവാനും, സെക്യൂരിറ്റി നിക്ഷേപവും, Earnest money deposit ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഇതിനായി ഗവൺമെന്റിൽ നിന്നും പ്രത്യേക ഉത്തരവുകൾ ഉണ്ടാകേണ്ടതാണ്.

2. ഓരോ വർഷവും KBPS, C.apt എന്നീ സ്ഥാപനങ്ങൾക്ക് അച്ചടിക്ക് ആവശ്യമായ ആകെ പാഠപുസ്തകങ്ങളുടെ എണ്ണത്തിന്റെ പകുതിമാത്രം നൽകുകയും ബാക്കി പ്രിന്റിംഗ് സഹകരണ സംഘങ്ങൾക്ക് നൽകുവാൻ വേണ്ട സർക്കാർ ഉത്തരവ് ഉണ്ടാകേണ്ടതാണ്.

3. സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങളിലെ കലണ്ടർ, ഡയറി, മറ്റ് അച്ചടി ജോലികൾ, പാഠപുസ്തക അച്ചടി എന്നിവ സംസ്ഥാനത്തെ പ്രിന്റിംഗ് സൊസൈറ്റികൾക്ക് നൽകുവാനുള്ള സർക്കാർ ഉത്തരവുകൾ ഉണ്ടാകേണ്ടതാണ്.

4. അച്ചടി ജോലിക്ക് ആവശ്യമായ Infra structure സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഗവൺമെന്റിൽ നിന്നും സാമ്പത്തിക സഹായവും, ആവശ്യമായ വായ്പയും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. ഇപ്പോൾ സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നത് പ്രിന്റിംഗ് സംഘങ്ങളെ പലവക സംഘങ്ങലുടെ കാറ്റഗറിയിൽപ്പെടുത്തി ഓഹരി മൂലധനമായി സ്റ്റേറ്റ് പ്ലാൻ ആയി 2,00,000/- രൂപവരെ കൊടുക്കുന്നു. ഈ പരിധി വർദ്ധിപ്പിക്കുന്നതിനും, പലവക സംഘങ്ങളുടെ കാറ്റഗറിയിൽ നിന്നും മാറ്റി പ്രിന്റിംഗ് സഹകരണ സംഘങ്ങൾക്കായി മാത്രം പ്രത്യേകം റൂൾസ് ഉണ്ടാക്കി സാമ്പത്തിക സഹായ പരിധി വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ആയതിന് സഹകരണ സംഘം രജിസ്ട്രാർക്ക് ഗവൺമെന്റിൽ നിന്നും നിർദ്ദേശം നൽകണം, മേൽ കാര്യങ്ങൾക്ക് സംഘങ്ങളുടെ പ്രവർത്തന പരിധിയ്ക്കുള്ളിൽ സ്വന്തമായി പ്രസ്സ് ഉള്ള സംഘങ്ങളെ മാത്രം പരിഗണിക്കേണ്ടതാണ്.

5. സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ പ്രിന്റിംഗ് ജോലികൾ 75% എങ്കിലും പ്രിന്റിംഗ് പ്രസ്സുകൾക്ക് നൽകുവാനുള്ള നടപടി സ്വീകരിക്കണം. നിലവിൽ ഇത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിലവിലുണ്ട്. ആയത് നടപ്പിലാക്കാനും, മോണിറ്റർ ചെയ്യാനുമുള്ള ഉത്തരവാദിത്വം ജില്ലാ ജോയിന്റ് രജിസ്ട്രാർമാരെ ചുമതലപ്പെടുത്തിയും നടപ്പിലാക്കാത്ത സഹകരണ സ്ഥാപനങ്ങളുടെ മേൽ നടപടി സ്വീകരിക്കാനുമുള്ള നിർദ്ദേശം ഗവൺമെന്റിൽ നിന്നും സഹകരണ സംഘം രജിസ്ട്രാർക്ക് നൽകണം.

II. പ്രിന്റിംഗ് സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ വ്യവസ്ഥയിൽ മാറ്റം വരുത്താനും താഴെപ്പറയുന്ന രീതിയിൽ മാറ്റം വരുത്തേണ്ടതാണെന്ന് നിർദ്ദേശം ചർച്ചയിൽ വന്നു.

| ക്ലാസ്സ് | നിലവിലുള്ള വ്യവസ്ഥ | പുതുക്കി നിശ്ചയിക്കേണ്ടത് |
|---|---|---|
| ക്ലാസ്സ് I | 1,00,000 രൂപ വിലയുള്ള മെഷിനറികൾ സ്ഥാപിച്ചിരിക്കണം | 30 ലക്ഷത്തിലധികം വിലയുള്ള മെഷിനറികൾ സ്ഥാപിച്ചിരിക്കണം വാർഷിക വിൽപന 1.5 കോടി രൂപയിലധികരിക്കണം |
| ക്ലാസ്സ് II | 50,000/- രൂപയ്ക്കും 1,00,000/- രൂപയ്ക്കും ഇടയിൽ വരുന്ന മെഷിനറികൾ സ്ഥാപിച്ചിരിക്കണം | 20 ലക്ഷത്തിലധികം രൂപ വിലയുള്ള മെഷിനറികൾ സ്ഥാപിച്ചിരിക്കണം. വാർഷിക വിൽപ്പന 1 കോടി രൂപയിൽ അധികരിക്കണം. |
| ക്ലാസ്സ് III | 50,000/- രൂപയിൽ താഴെ വിലവരുന്ന മെഷിനറികൾ സ്ഥാപിച്ചിരിക്കണം | 10 ലക്ഷത്തിലധികം രൂപ വിലയുള്ള മെഷിനറികൾ സ്ഥാപിച്ചിരിക്കണം. വാർഷിക വിൽപ്പന 50 ലക്ഷം രൂപയിൽ അധികരിക്കണം. |

നിലവിലുള്ള ഈ വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിനോടൊപ്പം 50 ലക്ഷത്തിലധികം രൂപയുടെ മെഷിനറികൾ സ്ഥാപിച്ചിരിക്കുകയും വാർഷിക വിറ്റു

വരവ് 2 കോടിയിൽ അധികരിക്കുകയും ചെയ്യുന്ന സംഘങ്ങളെ സ്പെഷ്യൽ ഗ്രേഡ് വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണെന്നുള്ള നിർദേശം കമ്മിറ്റിയിൽ ഉണ്ടായെങ്കിലും തൽക്കാലം അത് നടപ്പിലാക്കേണ്ടതില്ല എന്നുള്ള നിർദേശം വയ്ക്കുന്നു.

III. സഹകരണ പ്രിന്റിംഗ് സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ മാനദണ്ഡങ്ങൾ ഭേദഗതി ചെയ്യുന്നതിനോടൊപ്പം സ്റ്റാഫ് പാറ്റേണിൽ വേണ്ട മാറ്റം വരുത്തണമെന്നും ചർച്ചയിൽ നിർദ്ദേശം ഉണ്ടായി. താഴെപ്പറയും പ്രകാരം ക്ലാസിഫിക്കേഷൻ പുതുക്കി നിശ്ചയിക്കേണ്ടതാണ്.

**ക്ലാസ്സ് I സംഘങ്ങളുടെ സ്റ്റാഫ് പാറ്റേൺ**

| തസ്തികകളുടെ പേര് | നിലവിലുള്ളത് | പുതുക്കി നിശ്ചയിക്കേണ്ടത് |
|---|---|---|
| സെക്രട്ടറി | 1 | 1 |
| അക്കൗണ്ടന്റ് | – | 1 |
| ക്ലാർക്ക് | 1 | 1 |
| അറ്റൻഡർ | 2 | 2 |
| ഫീൽഡ് അസിസ്റ്റന്റ്* | – | 1 |
| ഫോർമാൻ | 1 | 1 |
| പ്രിന്റർ ഗ്രേഡ് I | 2 | 2 |
| പ്രിന്റർ ഗ്രേഡ് II SSLC, KGT | – | 2 |
| ബൈന്റർ | 2 | 3 |
| സ്റ്റോർ കീപ്പർ | – | 1 |
| സെയിൽസ് അസിസ്റ്റന്റ് | – | 1 |
| ഡി.ടി.പി.ഓപ്പറേറ്റർ | 7 | 3 |
| പ്ലേറ്റ്മേക്കർ/പ്രൂഫ് റീഡർ | – | 1 |
| പ്യൂൺ/വാച്ച്മാൻ | – | 1 |
| ആകെ | 16 | 21 |

*ഫീൽഡ് അസിസ്റ്റന്റ് നിയമനം കോൺട്രാക്ട് വ്യവസ്ഥയിലായിരിക്കണം

**ക്ലാസ്സ് II സഹകരണ പ്രിന്റിംഗ് പ്രസ്സുകളുടെ സ്റ്റാഫ് പാറ്റേൺ**

| തസ്തികകളുടെ പേര് | നിലവിലുള്ളത് | പുതുക്കി നിശ്ചയിക്കേണ്ടത് |
|---|---|---|
| സെക്രട്ടറി | 1 | 1 |
| ക്ലാർക്ക് | – | 1 |
| അറ്റൻഡർ | 2 | 1 |
| പ്യൂൺ | – | 1 |
| ഫോർമാൻ | – | 1 |
| ഡി.ടി.പി.ഓപ്പറേറ്റർ | 5 | 3 |

| | | |
|---|---|---|
| പ്രിന്റർ | 2 | 2 |
| പ്രിന്റർ (അസിസ്റ്റന്റ്) | – | 1 |
| ബൈന്റർ | 2 | 2 |
| ഫീൽഡ് അസിസ്റ്റന്റ്* | – | 1 |
| പ്ലേറ്റ്മേക്കർ/പ്രൂഫ് റീഡർ | – | 1 |
| ആകെ | 12 | 15 |

*ഫീൽഡ് അസിസ്റ്റന്റ് നിയമനം കോൺട്രാക്ട് വ്യവസ്ഥയിലായിരിക്കണം

**ക്ലാസ്സ് III സഹകരണ പ്രിന്റിംഗ് പ്രസ്സുകളുടെ സ്റ്റാഫ് പാറ്റേൺ**

| തസ്തികകളുടെ പേര് | നിലവിലുള്ളത് | പുതുക്കി നിശ്ചയിക്കേണ്ടത് |
|---|---|---|
| സെക്രട്ടറി | 1 | 1 |
| ക്ലാർക്ക് | – | 1 |
| ഫോർമാൻ | – | 1 |
| ഡി.ടി.പി.ഓപ്പറേറ്റർ | 3 | 2 |
| പ്രിന്റർ | 1 | 2 |
| ബൈന്റർ | 1 | 1 |
| അറ്റൻഡർ | 1 | 1 |
| ആകെ | 7 | 9 |

കമ്മിറ്റിയിലെ നിർദേശ പ്രകാരം സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന് ബഹുമാനപ്പെട്ട സഹകരണ സംഘം രജിസ്ട്രാർ അനുവദിച്ചു നൽകിയിട്ടുള്ള സ്റ്റാഫ് പാറ്റേണിന്റേയും, സംഘത്തിലെ നിലവിലുള്ള ജീവനക്കാരുടെ അടിസ്ഥാനത്തിലും സ്റ്റാഫ് പാറ്റേൺ അനുബന്ധത്തിൽ പറയുന്ന രീതിയിൽ ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ക്ലാസിഫിക്കേഷൻ & സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകാവുന്നതാണ്.

III. ജീവനക്കാരെ മിനിസ്റ്റീരിയൽ ടെക്നിക്കൽ എന്നീ വിഭാഗങ്ങളായി തരംതിരിച്ച് ഓരോ വിഭാഗത്തിനും വേണ്ടുന്ന വിദ്യാഭ്യാസ യോഗ്യത, സാങ്കേതിക പരിജ്ഞാനം എന്നിവ നിശ്ചയിച്ച് ഉത്തരവ് ഉണ്ടാകണം. നിലവിൽ സഹകരണ സംഘം റൂൾ അനുസരിച്ച് മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ യോഗ്യതകൾ മാത്രമേ നില

വിലുള്ളൂ. ടെക്നിക്കൽ വിഭാഗത്തിന്റെ ക്വാളിഫിക്കേഷൻ നിശ്ചയിക്കുന്നതിനായി ഈ മേഖലയുമായി ബന്ധപ്പെട്ട വിദഗ്ദ്ധ കമ്മറ്റിയുടെ അഭിപ്രായം ആരായാവുന്ന താണ്.

IV. ഭരണ സമിതി അംഗങ്ങൾക്കും, ജിവനക്കാർക്കും കസ്റ്റമർ റിലേഷൻ ഷിപ്പ്, വ്യക്തിത്വ വികസനം, ലീഡർഷിപ്പ്, കസ്റ്റമർ റിലേഷൻ ഷിപ്പ്, Profitability, stress management എന്നിവയ്ക്ക് പരിശീലനം നൽകണമെന്ന് അഭിപ്രായം ചർച്ച യിൽ വന്നു.

നിലവിൽ ഭരണ സമിതി അംഗങ്ങൾക്കും ജീവനക്കാർക്കും ആവശ്യമായ ട്രെയിനിംഗ്, ഐ.സി.എം, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയൻ, സർക്കിൾ കോ-ഓപ്പറേറ്റീവ് യൂണിയൻ എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തുന്നുണ്ടെങ്കിലും പ്രിന്റിംഗ് സംഘങ്ങൾക്ക് മാത്രമായിട്ടുള്ള പരിശീലന പരിപാടികൾ നടത്തുന്നില്ല. പ്രിന്റിംഗ് സഹകരണ സംഘങ്ങളിലെ ഭരണ സമിതി അംഗങ്ങൾക്കും ജീവന ക്കാർക്കും മാത്രമായുള്ള പരിശീലനം കൊടുക്കുന്നതിനുള്ള നിർദ്ദേശം ഐ.സി. എം, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയൻ എന്നിവർക്ക് നൽകേണ്ടതാണ്.

പ്രിന്റിംഗിന് ആവശ്യമായ അസംസ്കൃത സാധനങ്ങൾ പ്രിന്റിംഗ് സംഘ ങ്ങൾക്ക് മൊത്ത വ്യാപാര നിരക്കിൽ ലഭ്യമാക്കുന്നതിന് കൺസ്യൂമർഫെഡിനെ നോഡൽ ഏജൻസിയായി നിയമിച്ച് ഉത്തരവാകുന്നതിന് സർക്കാരിൽ നിന്നും ഉത്തരവ് നൽകണം.

കൺവീനർ/അഡീഷണൽ രജിസ്ട്രാർ(കൺസ്യൂമർ)

സെക്ഷൻ ഓഫീസർ